# നാളികേര കൊപ്ര സ്റ്റോക്കുകൾ വിറ്റഴിക്കാം

യൂറോപ്പ്, ആസ്ത്രേലിയ എന്നീ ഭൂഖണ്ഡങ്ങളിലൊഴികെ ലോകമെമ്പാടും കൃഷി ചെയ്യുന്ന ഒരു നാണ്യ വിളയാണ് നാളികേരം. കർഷകരുടെ സാമൂഹിക സാമ്പത്തിക സാംസ്ക്കാരിക ജീവിതത്തിന്റെ സമസ്തമേഖലകളിലും ഈ വിള ഒരു പ്രധാന പങ്കു വഹിക്കുന്നു. ആഗോള തലത്തിൽ 11.06 ശതലക്ഷം ഹെക്ടറിൽ നിന്നും 6.15 ശതലക്ഷം ടൺ നാളികേരം പ്രതിവർഷം ഉൽപ്പാദിക്കുന്നു. ഇന്തോനേഷ്യ (29.3%), ഫിലിപ്പൈൻസ് (25.6%), ഇന്ത്യ (18.1%) എന്നീ രാജ്യങ്ങളാണ് നാളികേര ഉൽപ്പാദനത്തിൽ മുന്നിട്ടു നിൽക്കുന്നത്. ഏകദേശം 2 ലക്ഷം ടൺ കൊപ്രയും, 3.5 ടൺ വെളിച്ചെണ്ണയും ലോകമെങ്ങും പ്രതിവർഷം ക്രയവിക്രയം ചെയ്യപ്പെടുന്നതായി കണക്കാക്കപ്പെടുന്നു.

ഇന്ത്യയിൽ, 2007–08 കാലഘട്ടത്തിൽ 19.03 ലക്ഷം ഹെക്ടറിൽ ഈ വിള കൃഷി ചെയ്യുകയും 14743.56 ശതലക്ഷം നാളികേരം ഉൽപ്പാദിപ്പിക്കുകയും ചെയ്തു. ഇതിന്റെ 90 ശതമാനവും കേരളം, തമിഴ്നാട്, കർണ്ണാടക, ആന്ധ്ര എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ്.

നാളികേരത്തിന്റെ ഇപ്പോഴത്തെ വിപണി സൂചനകൾ വിശകലനം ചെയ്തപ്പോൾ കണ്ടെത്തിയ ചില പ്രധാന വസ്തുതകൾ താഴെ പ്രതിപാദിക്കുന്നു

- നാളികേരത്തിന്റെ വില, പ്രധാനമായും ഉൽപ്പാദനത്തതിലുള്ള വ്യതിയാനം, ആഗോളതലത്തിലുള്ള ആവശ്യകത, വിതരണം, മറ്റു ഭക്ഷ്യ എണ്ണകളുടെ വില എന്നിവയെ ആശ്രയിച്ചിരിക്കുന്നു.
- പ്രധാനപ്പെട്ട നാളികേര ഉൽപ്പാദക രാഷ്ട്രങ്ങളായ ഇന്തോനേഷ്യ, ഫിലപ്പൈൻസ് എന്നീ രാഷ്ട്രങ്ങൾ സാമ്പത്തിക മാന്ദ്യം മൂലം അവരുടെ പര മ്പരാഗത കയറ്റുമതി വിപണികളായ അമേരിക്ക, കാനഡ, യൂറോപ്പ് എന്നിവിടങ്ങളിൽ നിന്നും ഏഷ്യ– പസഫിക് രാജ്യങ്ങളിലേക്ക് മാറ്റിക്കൊണ്ടിരിക്കുകയാണ്. ആസിയാൻ രാജ്യങ്ങളുമായുളല മെച്ചപ്പെട്ട വ്യാപാര ബന്ധങ്ങളും മാറ്റി ചിന്തിക്കുവാൻ അവരെ പ്രേരിപ്പിക്കുന്ന ഘടകങ്ങളാണ്.
- 2009 സെപ്റ്റംബർ മാസം ഇന്ത്യ 9.05 ലക്ഷം ടൺ സസ്യ എണ്ണയാണ് ഇറക്കുമതി ചെയ്തത്. ഇത് കഴിഞ്ഞ വർഷം ഇതേ സമയം ചെയ്ത ഇറക്കുമതിയെ (6.67 ലക്ഷം ടൺ) ക്കാളും 35.68% കൂടുതലാണ്. ഇതിൽ 79 ശതമാനവും പാം ഓയിൽ വിഭാഗത്തിൽ പെട്ടവയുടെയാണ് എന്നാണ് വ്യാപാര വൃത്തങ്ങൾ നൽകുന്ന സൂചനകൾ.



- ഉൽസവ സമയമായ ദീപാവലി സമയം ഭക്ഷ്യ എണ്ണയുടെ വില പിടിച്ച് നിർത്തുവാനാണ് ഇത്ര ഭീമമായ ഇറക്കുമതി നടത്തിയതെന്നാണ് കേന്ദ്ര ഗവണ്മെന്റ് നിരത്തുന്ന ന്യായമെങ്കിലും വെളിച്ചെണ്ണ-നാളികേര മേഖലയെ തളർത്തുവാൻ ഇതുമൊരു കാരണമാണ്.
- ഇറക്കുമതി ചുങ്കമില്ലാതെ ഓപ്പൺ ജനറൽ ലൈസൻസ് പ്രകാരം ആഭ്യന്തര വിപണിയിലെ വില കൂടുമ്പോഴെല്ലാം ഇറക്കുമതി ചെയ്യുവാനുള്ള പ്രവണത കൂടുന്നതായി കാണുന്നു.
- കേരളത്തിൽ സാധാരണയായി സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ നാളികേരത്തിന്റെ വിലയിൽ താരതമ്യേന ചെറിയ വ്യതിയാനമേ കാണപ്പെടുന്നുള്ളൂ. എന്നാൽ പ്രധാന സീസണായ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ വിലയിൽ അധികരിച്ച വ്യതിയാനങ്ങൾ കാണപ്പെടുന്നു.
- 2006 ജൂലൈ മുതൽ കേരളത്തിൽ നാളികേരത്തിന്റെ വിലയിൽ അസാധാരണമായ വ്യതിയാനം കാണപ്പെടുന്നു. ഇതിന്റെ പ്രധാനകാരണം തമിഴ്നാട്ടിൽ നിന്നുള്ള നാളികേരം, കൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ വരവ് ഈ കാലഘട്ടത്തിൽ ക്രമാതീതമായി വർദ്ധിച്ചതാണ്. തമിഴ്നാട്ടിലെ കൊപ്രയും വെളിച്ചെണ്ണയും കേരളത്തിലെ കൊപ്രയുടെയും വെളിച്ചെണ്ണയുടെയും ഗുണനിലവാരം പാലിക്കുന്നില്ലെങ്കിലും കടമായി ക്രയവിക്രയം നടക്കുന്നതിനാൽ കേരളത്തിലെ വെളിച്ചെണ്ണ വ്യാപാരികൾക്ക് ഈ വരവ് പ്രിയം തന്നെയാണ്. തൃശ്ശൂർ മാർക്കറ്റിൽ തന്നെ പ്രതിദിനം 35-40 കണ്ടെയ്നർ ലോഡുകൾ എത്തുന്നതായി ചില വ്യാപാരികൾ സമ്മതിക്കുന്നുണ്ട്.
- ഇപ്രകാരമുള്ള ബാഹ്യസ്രോതസ്സുകളുടെ ഇടപെടലിൽ കേരളത്തിലെ നാളികേര – കൊപ്ര – വെളിച്ചെണ്ണ വിലയിൽ 1995 മുതൽ 6-7 വർഷം കൂടി പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്ന ചാക്രിക വ്യതിയാനങ്ങൾ (Cyclical Booms and Depressions) ഇപ്പോൾ ക്രമം തെറ്റി വരുന്നു. ഈ വ്യതിയാനം കർഷകരുടെയും, കച്ചവടക്കാരുടെയും കണക്കുകൂട്ടലുകൾ മാറ്റിമറിക്കുവാൻ മാത്രം ശക്തമായ ഒരു അടിയൊഴുക്കായി മാറിയിരിക്കുന്നതായി ചിത്രം 2 പരിശോധിച്ചാൽ മനസ്സിലാകും.



കേരള കാർഷികസർവകലാശാലയുടെ കാർഷിക സാമ്പത്തിക വിഭാഗം നടത്തിയ പഠനത്തിൽ തെളിഞ്ഞത് കൊച്ചി വിപണിയിലെ നാളികേരം, കൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ വിലകൾ പരസ്പരം അനുപൂരകങ്ങളാണ് എന്നതാണ്. 1995 ജനുവരി മുതൽ 2009 ഒക്ടോബർ വരെയുള്ള കാലയളവിൽ കൊച്ചി വിപണിയിലെ നാളികേരം, കൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ വില അവലോകനം ചെയ്തിട്ടാണ് ഇപ്രകാരം ഒരു നിഗമനത്തിലെത്തിച്ചേർന്നത്. കേരളത്തിൽ ഓരോ നാലു വർഷം കഴിയുമ്പോഴും നാളികേര വിപണിയിൽ ഉണർവുണ്ടാകുന്നതായും ഓരോ മൂന്നു വർഷ കഴിയുമ്പോഴും തളർച്ച അനുഭവപ്പെടുന്നതായും പഠനത്തിൽ കാണപ്പെടുന്നു. ഇപ്പോഴത്തെ നാളികേര വിപണി വിലയിലെ അസ്ഥിരത സീസണു ശേഷം അന്യ സംസ്ഥാനങ്ങളിൽ നിന്നുമെത്തുന്ന കൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ കുത്തൊഴുക്ക് സൃഷ്ടിച്ച ചെറിയ വ്യതിയാനമാണ്. ഇപ്രകാരമുള്ള സാഹചര്യം നിലനിൽക്കുന്നതിനാൽ 2009 നവംബർ, ഡിസംബർ, 2010 ജനുവരി മാസങ്ങളിൽ കൊച്ചി മാർക്കറ്റിൽ നിലവിൽ വരാൻ സാദ്ധ്യതയുള്ള വില താഴെ പറയും പ്രകാരമായിരിക്കുമെന്ന് ഈ പഠനം പ്രവചിക്കുന്നു.

| Period | Predicted Price | | |
|---|---|---|---|
| | Coconut (Rs/1000 Nos.) | Copra (Rs/Qtl.) | Coconut Oil (Rs./Qtl.) |
| Nov'09 | 4000 - 4100 | 2950 - 3100 | 4425 - 4700 |
| Dec'09 | 4050 - 4150 | 3100 - 3200 | 4400 - 4750 |
| Jan '10 | 4050 - 4150 | 3000 - 3100 | 4420 - 4590 |

വർദ്ധിച്ച കൂലി ചെലവ് കണക്കിലെടുത്ത് നാളികേരത്തിന് 3 മുതൽ 3.50 രൂപ വരെ കിട്ടിയാൽ മാത്രമെ കേരളത്തിലെ തെങ്ങുകർഷകർ തങ്ങളുടെ നാളികേരം വിററഴിക്കാൻ തയ്യാറാകുകയുള്ളൂ. നാളികേരവിപണി സജീവമായ ഏപ്രിൽ – ജൂലൈ മാസങ്ങളിൽ നാളികേര വില വളരെ താണുപോയതിനാൽ വരും മാസങ്ങളിൽ മെച്ചപ്പെട്ട വില പ്രതീക്ഷിച്ച് കേരകർഷകർ നാളികേരവും കൊപ്രയും വിററഴിക്കാതെ മാറിനിൽക്കുകയാണ്. സംസ്ഥാനത്തെ കൊപ്ര സംഭരണം ശക്തി പ്രാപിക്കുമെന്ന ഊഹാപോഹങ്ങളുടെ ഇടയിൽ ഡിസംബർ ജനുവരി മാസങ്ങളിലെ വില കണ്ട് തീരുമാനിക്കാം എന്ന കണക്കുകൂട്ടലിൽ വ്യാപാരികളും വിപണിയിൽ നിന്നും വിട്ടുനിൽക്കുന്നതായി മനസ്സിലാക്കുന്നു.

കൊപ്ര സംഭരണം ചെറുകിട–നാമമാത്രകർഷകരെ കാര്യമായി സഹായിക്കില്ല എന്നു കരുതപ്പെടുന്നു. കാരണം വൻതോതിൽ ഗുണമേന്മയുള്ള കൊപ്ര ഉല്പ്പാദിപ്പിക്കുന്നതിന് ഡ്രൈയർ പോലുള്ള നൂതന സജ്ജീകരണങ്ങളും മൂലധനനിക്ഷേപങ്ങളും ആവശ്യമാണ്. അതിനാൽ തന്നെ കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന കേരകർഷകർ തൊണ്ടുപൊതിക്കാതെ തന്നെ പച്ചത്തേങ്ങ വിറ്റഴിക്കുന്നതായി കണ്ടുവരുന്നു. ഈ കാർഷികസമൂഹം അതിനാൽ തന്നെ പച്ചത്തേ

ങ്ങസംഭരണത്തിനായി മുറവിളി കൂട്ടുന്നുമുണ്ട്. ഇപ്രകാരം കർഷകരുടെയും കച്ചവടക്കാരുടെയും കൈവശമിരിക്കുന്ന നാളികേരം, കൊപ്ര എന്നിവയുടെ സ്റ്റോക്ക് തമിഴ്നാട് സീസണിന് മുമ്പ് വലിയതോതിൽ വിറ്റഴിക്കാനുള്ള സാദ്ധ്യത കണക്കിലെടുത്ത് നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ നാളികേരം, കൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ വിലയിൽ കാര്യമായ മാറ്റം പ്രതീക്ഷിക്കുന്നില്ല. പ്രവചനവിലയും അവധിവിലയും തമ്മിലുള്ള വ്യത്യാസം ഇത്തരത്തിലുള്ള ഊഹാപോഹങ്ങളെയും ധാരണകളെയും ശരിവെയ്ക്കുന്നതായി കാണുന്നു.

തമിഴ്നാട്ടിൽ നിന്നും കർണ്ണാടകത്തിൽ നിന്നും ഡിസംബർ-ജനുവരി മാസങ്ങളിൽ കേരളത്തിലെ വിപണിയിലേക്ക് വൻതോതിൽ നാളികേരവും കൊപ്രയും എത്തുവാനുള്ള സാധ്യത കണക്കിലെടുത്ത് കേരളത്തിലെ കേര കർഷകർ നവംബർ – ഡിസംബർ മാസങ്ങളോടുകൂടി എന്നാൽ ജനുവരി മാസത്തിനു മുമ്പ് നാളികേരവും കൊപ്രയും ക്രമീകരിച്ച് വിറ്റഴിക്കുന്നതാവും കൂടുതൽ മെച്ചം എന്നാണ് ഈ പഠനം നൽകുന്ന സൂചനകളിൽ നിന്ന് വ്യക്തമാവുന്നത്.